# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Janurary 12 - 2009


## ദ്രവ്യാഗ്രഹമാണ് തൃക്കുന്നത്ത് സെമിനാരിക്ക് അവകാശവാദം ഉന്നയിക്കുവാൻ മെത്രാൻ കക്ഷികളെ പ്രേരിപ്പിക്കുന്നത്: യാക്കോബായ സഭ വർക്കിംഗ് കമ്മറ്റി

മെത്രാൻ കക്ഷി വിഭാഗം അവാസ്തവ പ്രസ്താവനകൾ നടത്തുകയാണ് എന്നും തൃക്കുന്നത്ത് സെമിനാരിയുടെ സ്ഥാപിതകാലം മുതലുള്ള രേഖകളാണ് യാക്കോബായ സഭ പ്രസിദ്ധീകരിച്ചിട്ടുള്ളത് എന്നും പുത്തൻകുരിശിൽ ചേർന്ന യാക്കോബായ സഭ വർക്കിംഗ് കമ്മിറ്റി യോഗം വ്യക്തമാക്കി. സത്യങ്ങൾ രേഖകളായി പുറത്തുവന്നപ്പോൾ മെത്രാൻ കക്ഷി സഭ ഇരുട്ടിൽ തപ്പുന്ന അവസ്ഥയിലാണ് എന്ന അവരുടെ പ്രസ്താവനകൾ വ്യക്തമാക്കുന്നു. ദ്രവ്യാഗ്രഹമാണ് സെമിനാരിയുടെ അവകാശവാദം ഉന്നയിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നത് എന്ന് യോഗം വിലയിരുത്തി.

തൃക്കുന്നത്ത് സെമിനാരി സംബന്ധിച്ച കോടതിവിധിയിൽ മലങ്കരസഭയുടെ 1934ലെ ഭരണഘടന പ്രകാരം അല്ല സെമിനാരി ഭരിക്കപ്പെടേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളത് മെത്രാൻ കക്ഷി സഭ മറച്ചുവയ്ക്കുകയാണ്.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിലുള്ള യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമായി ആരംഭകാലം മുതൽനിലനിൽക്കുന്ന തൃക്കുന്നത്ത് സെമിനാരിയിൽ അനധികൃതമായി കഴിയുന്നവർ ഒഴിഞ്ഞുപോയേ മതിയാവുകയുള്ളൂ. ഇല്ലാത്ത രേഖകളുടെ പേര് പറഞ്ഞും വ്യക്തിഹത്യ നടത്തിയും യാക്കോബായ സഭാനേതൃത്വത്തെ തകർക്കാമെന്നോ തളർത്താമെന്നോ ഓർത്തഡോക്സ് സഭ കരുതേണ്ടായെന്നും, അനധികൃതമായി കൈവശം വച്ചിരിക്കുന്ന യാക്കോബായ സഭയുടെ പള്ളികളും പ്രസ്ഥാനങ്ങളും അവർ വിട്ടുതന്നേ മതിയാകൂ എന്നും യോഗം അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു.